Jagratha-052

Vol.2, Issue18
26-05- 2008

*Kerala Catholic Bishops' Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25, ph: 0484 2806262, kcbcshv@gmail.com

# ജാഗ്രത

**Commission Chairman**
Rt. Rev. Dr. Stanley Roman
**Commission Secretary**
Fr. Johny Kochuparambil MST

**Vice-Chairmen**
Moran Mor Baselius Cleemis Catholicos
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

*പ്രധാന വാർത്തകൾ*

*01. സിസ്റ്റർ അഭയക്കേസ് ; സന്യസ്തരെ അവഹേളിക്കാനുള്ള മാധ്യമ വ്യഗ്രത ശക്തം : ഐക്യ-ജാഗ്രതാ കമ്മീഷൻ*
*02. വ്യക്തിഹത്യ അപലപനീയം : കോട്ടയം അതിരൂപതാ ജാഗ്രതാ സമിതി.*
*03. മത നിഷേധത്തെ പ്രോത്സാഹിപ്പിക്കുന്ന പാഠപുസ്തകം പിൻവലിക്കണം : ഐക്യ-ജാഗ്രതാ കമ്മീഷൻ*
*04. മതനിഷേധത്തിലൂടെ നിരീശ്വരവാദത്തെ പ്രോത്സാഹിപ്പിക്കരുത് : കെ.സി.ബി.സി.*
*05. ജീവന്റെ സംസ്ക്കാരം വ്യാപകമാക്കുക : ഫാമിലി കമ്മീഷൻ*

## 01. സിസ്റ്റർ അഭയക്കേസ് ; സന്യസ്തരെ അവഹേളിക്കാനുള്ള മാധ്യമ വ്യഗ്രത ശക്തം :

**കെ.സി.ബി.സി ഐക്യ - ജാഗ്രതാ കമ്മീഷൻ**

സി.അഭയക്കേസുമായി ബന്ധപ്പെടുത്തി വൈദികരെയും സന്യസ്തരെയും അവഹേളിക്കുവാനുള്ള ചില മാധ്യമങ്ങളുടെ അമിത താൽപര്യത്തിൽ കെ.സി.ബി.സി ഐക്യ - ജാഗ്രതാ കമ്മീഷൻ ആശങ്ക പ്രകടിപ്പിച്ചു. സന്ന്യസ്തസമൂഹത്തെ സ്വഭാവഹത്യ നടത്താനുള്ള മാധ്യമ വ്യഗ്രത എല്ലാ അതിരുകളും ലംഘിക്കുന്നതായി ഐക്യ - ജാഗ്രതാ കമ്മീഷൻ സെക്രട്ടറി ഫാ. ജോണി കൊച്ചുപറമ്പിൽ ആരോപിച്ചു. സിസ്റ്റർ അഭയക്കേസിൽ അന്വേഷണസംഘം പേരുപോലും വെളിപ്പെടുത്താത്ത വ്യക്തിയുടെ ഫോട്ടോ സഹിതം പത്രത്തിൽ കൊടുക്കുന്നത് പത്രധർമ്മത്തിന് നിരക്കാത്തതാണ്. അന്വേഷണവിധേയരായവരെ കുറ്റവാളികളായി ചിത്രീകരിക്കുന്ന പ്രവണത ശരിയല്ല. അഭയക്കേസിലെ പ്രതിയെ സിബിഐ കണ്ടെത്തി എന്ന മട്ടിൽ കേരളത്തിൽ പ്രചരിക്കുന്ന വാർത്തകൾക്ക് അടിസ്ഥാനമില്ലെന്ന് അന്വേഷണ ഉദ്യോഗസ്ഥനായ ഡിവൈഎസ്പി അഗർവാൾ പറയുമ്പോഴും മാധ്യമങ്ങൾ തെറ്റായ നിഗമനത്തിലെത്തുന്നത് ശരിയല്ല- കമ്മീഷൻ സെക്രട്ടറി പറഞ്ഞു.

വർഷങ്ങൾക്ക് മുമ്പ് അന്തരിച്ച ഫാ. ബെനഡിക്ടിനെയും മാധ്യമങ്ങൾ തേജോവധം ചെയ്യുകയും പീഡിപ്പിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ അദ്ദേഹത്തിന്റെ അവസാന നാളുകളിൽ സത്യാവസ്ത തെളിഞ്ഞിട്ടും അത് പ്രസിദ്ധീകരിക്കാൻ മാധ്യമങ്ങൾ തയ്യാറായില്ല. മുരിങ്ങൂർ ധ്യാനകേന്ദ്രവുമായി ബന്ധപ്പെട്ട കേസ്സിന്റെ ആരംഭത്തിൽ മാധ്യമങ്ങൾ കാണിച്ച വ്യഗ്രത, സുപ്രീം കോടതിയുടെ അന്തിമ വിധി വന്നപ്പോൾ പല മാധ്യമങ്ങളും വേണ്ടത്ര വാർത്ത കൊടുക്കുവാൻ മറന്നു പോയി - കമ്മീഷൻ സെക്രട്ടറി പറഞ്ഞു.

സി. അഭയയുടെ മരണത്തെ തുടർന്നുള്ള അനേഷണങ്ങളിൽ സത്യം തെളിയിക്കുവാൻ വേണ്ട എല്ലാ സഹായസഹകരണങ്ങളും സഭ നൽകിയിട്ടുണ്ട്, ഇപ്പോഴും നൽകുന്നുമുണ്ട്. വാർത്തകൾ പ്രസിദ്ധീകരിക്കുന്നതിനു മുമ്പ് അതിന്റെ നിജസ്ഥിതി ബന്ധപ്പെട്ടവരിൽനിന്നും സ്ഥിരീകരിക്കുവാനുള്ള പത്രധർമ്മം മാധ്യമങ്ങൾ നിർവ്വഹിക്കണമെന്ന് കെ.സി.ബി.സി ഐക്യ - ജാഗ്രതാ കമ്മീഷൻ സെക്രട്ടറി ഫാ. ജോണി കൊച്ചുപറമ്പിൽ അഭ്യർത്ഥിച്ചു.

*02. വ്യക്തിഹത്യ അപലപനീയം (കോട്ടയം അതിരൂപതാ ജാഗ്രതാ സമിതി) 17-05-2008*

അഭയ കേസിൽ അവാസ്തവവും വ്യക്തിഹത്യ നടത്തുന്നതുമായ വാർത്തകൾ ചില മാധ്യമങ്ങൾ പ്രചരിപ്പിക്കുന്നതിൽ കോട്ടയം അതിരൂപതാ ജാഗ്രതാ സമിതി പ്രതിഷേധം രേഖപ്പെടുത്തി.സീൽ ചെയ്ത കവറിൽ അന്വേഷണ ഉദ്യോഗസ്ഥർ സമർപ്പിച്ച റിപ്പോർട്ടിലെ കാര്യങ്ങളാണ് തങ്ങളുടെ ഭാവനയ്ക്കനുസരിച്ച് ചില മാധ്യമങ്ങൾ പുറത്തുവിട്ടിരിക്കുന്നതെന്ന് സമിതി ചൂണ്ടിക്കാട്ടി.

വ്യക്തികളെ തേജോവധം ചെയ്യുവാനുള്ള ആസൂത്രിത നീക്കമാണ് ഇത്തരം പ്രചരണങ്ങൾക്കു പിന്നിലുള്ളതെന്ന് സമിതി വിലയിരുത്തി. ഏറെ സെൻസേഷൻ ഉയർത്തി വന്ന ചില വാർത്തകളിൽ നിന്ന് ശ്രദ്ധ തിരിച്ചു വിടാനുള്ള ശ്രമം ഇതിനു പിന്നിലുണ്ടെന്ന് സംശയിക്കേണ്ടിയിരിക്കുന്നു.സന്യാസ ജീവിതത്തിനു വേണ്ടി സ്വയം സമർപ്പിച്ച് സേവനം ചെയ്യുന്നവരിൽ തങ്ങൾക്കു പൂർണ വിശ്വാസമുണ്ടെന്ന് ജാഗ്രതാ സമിതി വ്യക്തമാക്കി.

*03. മത നിഷേധത്തെ പ്രോത്സാഹിപ്പിക്കുന്ന പാഠപുസ്തകം പിൻവലിക്കണം :*
*കെ.സി.ബി.സി ഐക്യ-ജാഗ്രതാ കമ്മീഷൻ*

മത നിഷേധത്തെ പ്രോത്സാഹിപ്പിക്കുന്ന ലക്ഷ്യത്തോടുകൂടി തയ്യാറാക്കിയിരിക്കുന്ന ഏഴാം ക്ലാസ്സ് സാമൂഹ്യപാഠം പുസ്തകം പിൻവലിക്കണമെന്ന് കെ.സി.ബി.സി ഐക്യ-ജാഗ്രതാ കമ്മീഷൻ ആവശ്യപ്പെട്ടു. മത നിഷേധത്തെ പ്രോത്സാഹിപ്പിച്ചുകൊണ്ട് നിരീശ്വരവാദവും മാർക്സിസവും അടിച്ചേൽപ്പിക്കുവാനും, കുട്ടികളിൽ വിദ്വേഷ മനോഭാവം കുത്തിനിറയ്ക്കുവാനുമുള്ള നീക്കമാണ് വിദ്യാഭ്യാസ പരിഷ്ക്കരണങ്ങളിലൂടെ സംസ്ഥാന സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. ഭാരതത്തിന്റെ സംസ്ക്കാരത്തെയും മതേതര സ്വഭാവത്തെയും നശിപ്പിക്കുവാൻ ഇത്തരം പരിഷ്ക്കാരങ്ങൾ കാരണമാകും. മൂല്യബോധമുള്ള ഉത്തമ പൗരന്മാരെ രാഷ്ട്രത്തിനുവേണ്ടി തയ്യാറാക്കുകയാണ് വിദ്യാഭ്യാസം കൊണ്ട് ലക്ഷ്യമിടുന്നത്. എന്നാൽ ഇവിടെ തങ്ങളുടെ പ്രത്യയശാസ്ത്രങ്ങൾ പ്രചരിപ്പിക്കുന്നതിനു വേണ്ടി വിദ്യാഭ്യാസ മേഖലയെ സംസ്ഥാന സർക്കാർ ദുരുപയോഗം ചെയ്യുകയാണ്.

മതസ്വാതന്ത്ര്യത്തെ എതിർക്കുന്ന രാഷ്ട്രീയ നേതാക്കന്മാർ ഒളിച്ചും പതുങ്ങിയും കപട സന്യാസികളെ കണ്ട് ആശീർവാദം വാങ്ങുകയും മുഹൂർത്തം കുറിക്കുകയും ചെയ്യുന്ന വാർത്ത നാം കേട്ടു കൊണ്ടിരിക്കുകയാണ്. പത്താം ക്ലാസ്സ് വിദ്യാർത്ഥികൾക്കായി തയ്യാറാക്കിയ ചോദ്യക്കടലാസിലെ തെറ്റുകൾ പോലും തിരുത്താൻ സാധിക്കാതെ മുഴുവൻ മാർക്കും കൊടുക്കുന്ന ശീലമാണ് നമ്മുടെ വിദ്യാഭ്യാസ പരിഷ്ക്കർത്താക്കൾക്കുള്ളത്. അയോഗ്യരായവരെ യോഗ്യരാണെന്ന് പ്രഖ്യാപിച്ചു കൊണ്ട് ഭാവി തലമുറയെ നശിപ്പിക്കുകയാണ് സംസ്ഥാന സർക്കാർ ചെയ്യുന്നത്. മാനവകുലത്തിന് തന്നെ ഒട്ടും യോജിക്കാത്ത പരിഷ്ക്കാരങ്ങൾ കൊണ്ടുവന്നാൽ കേരളത്തിലെ ജനങ്ങൾ ഒരുകാലത്തും സ്വീകരിക്കുകയില്ല. പരിഷ്ക്കാരങ്ങൾ നടപ്പിലാക്കുമ്പോൾ ഉദ്ദേശശുദ്ധി വേണം, പ്രായോഗികമാണോയെന്നറിയുവാനുള്ള ചിന്താശക്തി വേണം. ഭാരത സംസ്ക്കാരത്തിന് തന്നെ വിപത്തുണ്ടാക്കുന്ന ഇത്തരം പരിഷ്ക്കാരങ്ങൾ നടപ്പിലാക്കരുതെന്ന് കെ.സി.ബി.സി ഐക്യ-ജാഗ്രതാ കമ്മീഷനു വേണ്ടി പുറത്തിറക്കിയ പത്രക്കുറിപ്പിൽ കമ്മീഷൻ സെക്രട്ടറി ഫാ. ജോണി കൊച്ചുപറമ്പിൽ അഭ്യർത്ഥിച്ചു.

*04. മതനിഷേധത്തിലൂടെ നിരീശ്വരവാദത്തെ പ്രോത്സാഹിപ്പിക്കരുത് : കെ.സി.ബി.സി. (20-05-2008)*

മതേതരത്വമെന്നത് മതനിഷേധമാണെന്ന് പഠിപ്പിക്കാൻ ലക്ഷ്യമിട്ടുകൊണ്ടുള്ള ചില പാഠപുസ്തക ഭാഗങ്ങൾ അടിയന്തിരമായി പിൻവലിക്കണമെന്ന് കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ പ്രസിഡന്റ് ആർച്ചുബിഷപ് മോസ്റ്റ് റവ. ഡോ. ഡാനിയേൽ അച്ചാരുപറമ്പിലും വൈസ് പ്രസിഡന്റ് ജോഷ്വ മാർ ഇഗ്നാത്തിയോസും സെക്രട്ടറി മാർ ആൻഡ്രൂസ് താഴത്തും സർക്കാരിനോട് അഭ്യർത്ഥിച്ചു.

മതനിഷേധത്തിലൂടെ സർക്കാരാണ് കുഞ്ഞുമനസ്സുകളിൽ വിദ്വേഷം കുത്തിച്ചെലുത്താൻ ശ്രമിക്കുന്നതെന്ന അധ്യാപകരുടെയും രക്ഷാകർത്താക്കളുടെയും ആരോപണങ്ങൾ ശരിവയ്ക്കുന്നതാണ് ഏഴാം ക്ലാസ്സിലെ വിവാദപാഠഭാഗമെന്ന് പ്രസ്താവനയിൽ വ്യക്തമാക്കിയിരിക്കുന്നു.

ഭാരതത്തിന്റെ മതേതര സ്വഭാവത്തെ സ്വന്തം പ്രസംഗങ്ങളിലൂടെയും ഗ്രന്ഥങ്ങളിലൂടെയും രൂപപ്പെടുത്തിയ ജവഹർലാൽനെഹ്റുവിന്റെ ചില വാക്കുകൾ കമ്മ്യൂണിസ്റ്റ് സിദ്ധാന്തമായ നിരീശ്വരത്വം പ്രചരിപ്പിക്കാനായി ഉപയോഗിച്ചിരിക്കുന്നത് ആപത്ക്കരമായ ചില ദുസ്സൂചനകളാണ് നൽകുന്നത്. തികച്ചും സൗഹാർദ്ദപരമായി ജീവിക്കുന്ന മനുഷ്യരിലേക്ക് നിരീശ്വരവാദമെന്ന ആശയം കമ്മ്യൂണിസ്റ്റ് സിദ്ധാന്തങ്ങളുടെ പശ്ചാത്തലത്തിൽ പാഠപുസ്തകങ്ങളിൽ അവതരിപ്പിക്കുന്നത് വരും തലമുറയോടുള്ള ഭരണകർത്താക്കളുടെ ഉത്തരവാദിത്വമില്ലായ്മയായി കാണേണ്ടതുണ്ട്. ദുരന്തങ്ങളും മറ്റും ഏത് മതസ്ഥരെയാണ് കൂടുതൽ ബാധിക്കുന്നതെന്ന ചോദ്യത്തിനു പിന്നിലെ ദുസ്സൂചന കുഞ്ഞുമനസ്സുകളിൽ ഉളവാക്കുന്ന വിഷലിപ്തമായ ആശയക്കുഴപ്പത്തെക്കുറിച്ചുകൂടി അധ്യാപകരും രക്ഷകർത്താക്കളും ഇതിനകം ഉൽകണ്ഠ പ്രകടിപ്പിച്ചു കഴിഞ്ഞു. വളർന്നു വരുന്ന തലമുറയിൽ മതത്തെക്കുറിച്ച് വികലമായ കാഴ്ചപ്പാടുകൾ രൂപപ്പെടുത്താൻ തയ്യാറാക്കിയിരിക്കുന്ന പാഠഭാഗങ്ങൾ പ്രത്യയശാസ്ത്രത്തിനു വേണ്ടിയാണെന്ന് കെ.സി.ബി.സി. ആരോപിച്ചു.

### *05. ജീവന്റെ സംസ്ക്കാരം വ്യാപകമാക്കുക : കർദ്ദിനാൾ മാർ വർക്കി വിതയത്തിൽ*

***(കെ.സി.ബി.സി ഫാമിലി കമ്മീഷൻ)***

സമൂഹത്തിൽ വളർന്നു വരുന്ന സ്വാർത്ഥത, വർഗീയത, അക്രമം, ഭീകരവാദം തുടങ്ങിയ തിന്മകൾക്കെതിരെ ജീവന്റെ സംസ്ക്കാരം വ്യാപകമാക്കണമെന്ന് കർദ്ദിനാൾ മാർ വർക്കി വിതയത്തിൽ. അതിനുവേണ്ടി ഇടവകകളിലും രൂപതകളിലും ജീവന്റെ സംസ്ക്കാരം പ്രചരിപ്പിക്കുന്നവരുടെ *പ്രോ-ലൈഫ്* സമിതികൾ സ്ഥാപിക്കുന്നത് അടിയന്തിരാവശ്യമെന്നും കർദ്ദിനാൾ കൂട്ടിച്ചേർത്തു. പി.ഒ.സിയിൽ കെ.സി.ബി.സി ഫാമിലി കമ്മീഷന്റെ ആഭിമുഖ്യത്തിൽ മെയ് 17, 18 തീയതികളിൽ സംഘടിപ്പിച്ച അഖില കേരള *പ്രോ-ലൈഫ്* സംഗമം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. രണ്ട് ലോക മഹായുദ്ധത്തിൽ കൊല്ലപ്പെട്ടവരെക്കാൾ കൂടുതൽ മനുഷ്യജീവൻ മാതാക്കളുടെ ഉദരത്തിൽ വച്ച് വധിക്കപ്പെടുന്നത് നിഷ്ഠൂരമാണെന്ന് വേദനയോടെ അദ്ദേഹം ഓർത്തു. ജീവന്റെ പരിപോഷണത്തെക്കുറിച്ച് ആവർത്തിച്ച് പറഞ്ഞാലേ പുതിയ ജീവസംസ്ക്കാരം രൂപപ്പെടൂ എന്ന് അദ്ദേഹം പറഞ്ഞു. ഏഴു സഹോദരങ്ങളുള്ള തന്റെയും പതിനഞ്ച് സഹോദരങ്ങളുള്ള മാർ മാത്യു ആനിക്കുഴിക്കാട്ടിലിന്റെയും കുടുംബാംഗങ്ങൾ ഒത്തുചേരുമ്പോഴുള്ള സന്തോഷം അവർണ്ണനീയമാണെന്ന് പിതാവ് സാക്ഷ്യപ്പെടുത്തി.

മാർ ആനിക്കുഴിക്കാട്ടിൽ പിതാവ് യോഗത്തിൽ അധ്യക്ഷത വഹിച്ചു. നമുക്കു ചുറ്റും അപകടകരവും ഭീതിജനകവുമായ വിധത്തിൽ മരണസംസ്ക്കാരം താണ്ഡവമാടുമ്പോൾ വിശ്വാസികൾക്ക് നിസംഗകരായിരിക്കാൻ കഴിയുകയില്ലെന്ന് അദ്ദേഹം പ്രസ്താവിച്ചു. വലിയ കുടുംബങ്ങൾ അനുഗ്രഹമാണെന്നും *പ്രോ-ലൈഫ്* പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തണമെന്നും അദ്ദേഹം പറഞ്ഞു. വിശ്വാസത്തിൽ ആഴപ്പെട്ടാലേ ജീവസംസ്ക്കാരം ശക്തിപ്പെടുകയുള്ളൂ എന്നുമദ്ദേഹം വ്യക്തമാക്കി. ബിഷപ് ജോഷ്വാ മാർ ഇഗ്നാത്തിയോസ് മുഖ്യ പ്രഭാഷണം നടത്തി. സഹോദരങ്ങളുടെ കാവൽക്കാരാവണം നാം. അതാണ് *പ്രോ-ലൈഫ്* പ്രവർത്തനത്തിന്റെ അന്തസത്ത. ആർച്ചു ബിഷപ് സൂസൈപാക്യം ആമുഖ സന്ദേശം നൽകി. ദരിദ്രരുടെ ഉന്നമനം, ദരിദ്രരോട് പക്ഷം ചേരൽ എന്നിവ *പ്രോ-ലൈഫ്* പ്രവർത്തനത്തിന്റെ പ്രധാന ഭാഗമാണെന്നദ്ദേഹം സൂചിപ്പിച്ചു. പി.ഒ.സി ഡയറക്ടർ ഡോ. സ്റ്റീഫൻ ആലത്തറ, ഫാ. എബ്രാഹം പുളിഞ്ചുവട്ടിൽ എന്നിവർ പ്രസംഗിച്ചു.

ജീവൻ സഭയുടെ പ്രബോധനം, ജനപ്പെരുപ്പവും സാമ്പത്തികതയും, ഉത്തരവാദിത്വപരമായ മാതൃത്വപിതൃത്വവും എന്നീ വിഷയങ്ങളെക്കുറിച്ച് യഥാക്രമം ഫാ. ജോസ് കോട്ടയിൽ, ജോൺസൺ പുവത്തിങ്കൽ, ഡോ. എബ്രാഹം ജേക്കബ് എന്നിവർ പ്രഭാഷണങ്ങൾ നടത്തി. ജീവനെതിരായ വെല്ലുവിളികൾ എന്ന വിഷയത്തെ ആസ്പദമായി നടന്ന ചർച്ചയിൽ സാബു ജോസ് (മാധ്യമങ്ങൾ), അഡ്വ. തോമസ് അലക്സ് (സർക്കാർ നിയമങ്ങൾ) ശശി ഇമ്മാനുവേൽ (സമൂഹത്തിന്റെ കാഴ്ചപ്പാടുകൾ) പ്രൊഫ. എഡ്വേർഡ് എടേഴത്ത് (ഉപദേശ സംസ്ക്കാരം) എന്നിവർ പ്രസംഗിച്ചു. സെലസ്റ്റിൻ ജോൺ മോഡറേറ്ററായിരുന്നു. ഫാ. ജോസ് തോട്ടാംങ്കര ആരാധന നയിച്ചു.

ജീവന്റെ പരിപോഷണത്തിന് മാധ്യമ മേഖലയിൽ നല്കിയ സമഗ്ര സംഭാവനകളെ മാനിച്ച് ശാലോം ടി.വി സീനിയർ പ്രൊഡ്യൂസർ സിബി യോഗ്യാവീടനും സിനിമാ സംവിധായകൻ ലിയോ തദ്ദേവൂസിനും ജീവോത്സവ്-2008 അവാർഡുകൾ മാർ മാത്യു ആനിക്കുഴിക്കാട്ടിൽ സമ്മാനിച്ചു. മാധ്യമകമ്മീഷൻ സെക്രട്ടറി ഫാ. ജോസഫ് നിക്കോളാസ് കൾച്ചറൽ സംഗമം ഉദ്ഘാടനം ചെയ്തു.

കൊല്ലം *പ്രോ-ലൈഫ് മെനോര* എന്ന ഗാനമേളയും പ്രൊഫ. ബീന മനോജിന്റെ സ്കിറ്റും ജീവോത്സവ് 2008-ന് മികവേകി. രണ്ടാം ദിവസം മാർ മാത്യു ആനിക്കുഴിക്കാട്ടിലിന്റെ മുഖ്യ കാർമികത്വത്തിൽ സമൂഹ ബലി നടന്നു. കൂടുതൽ കുട്ടികളുള്ള ദമ്പതിമാരുടെ സമ്മേളനത്തിൽ ബെന്നി പുളിക്കൽ, ഡോ. എബ്രാഹം ജേക്കബ്, സെസിൽ - ഡിംപിൾ കൊണ്ടോടി, ആലീസ് മാത്യു, ഫ്രാൻസിസ് കൊച്ചി എന്നിവർ അനുഭവങ്ങൾ പങ്കുവച്ചു. ഡോ. ജോർജ് ലിയോൻസ് മോഡറേറ്ററായിരുന്നു. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ വ്യത്യസ്ത *പ്രോ-ലൈഫ്* പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന റോസിലി മാത്യു തൃശൂർ, ജോർജ് സേവ്യർ കൊല്ലം, എബ്രാഹം പുത്തൻകണ്ടം ചങ്ങനാശ്ശേരി, ഡോ. സി. മേരി മാർസെലസ് കോട്ടയം, ടോമി ദിവ്യരക്ഷാലയം തൊടുപുഴ, ജോർജ് ഇ.സി തൃശൂർ എന്നിവർ തങ്ങളുടെ പ്രവർത്തനങ്ങൾ മറ്റുള്ളവർക്ക് പ്രചോദനമാകത്തക്കവിധം അവതരിപ്പിച്ചു. ഫാ. ജോൺ പുളിപ്പറമ്പിൽ മോഡറേറ്ററായിരുന്നു. രൂപതാ തലത്തിലും റീജിയണൽ തലത്തിലും നടത്തേണ്ട ഒരു വർഷത്തെ കർമ്മ പദ്ധതികൾക്ക് സമ്മേളനം രൂപം നൽകി.

ജീവോത്സവ് 2008-ന്റെ സമാപനമായി എറണാകുളം കണ്ണംകുന്നത്ത് പള്ളിയിൽ നിന്നാരംഭിച്ച *പ്രോ-ലൈഫ് റാലി* മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത് ഉദ്ഘാടനം ചെയ്തു. ഹൈക്കോടതി ജംഗ്ഷനിൽ നടന്ന സമാപന സമ്മേളനം ആർച്ച് ബിഷപ് ഡോ. ഡാനിയേൽ അച്ചാരുപറമ്പിൽ ഉദ്ഘാടനം ചെയ്തു. ഭ്രൂണഹത്യ നടത്തുന്നവരും, വൃദ്ധർ, രോഗികൾ, അംഗവൈകല്യമുള്ളവർ, മാനസികരോഗികൾ എന്നിവരെ പുറംതള്ളുന്നവരും, പിഞ്ചു കുഞ്ഞുങ്ങളെ വഴിയാധാരമാക്കുന്നവരും വഴിപോക്കരുടെ ജീവൻ അപകടത്തിലാക്കുന്ന ഡ്രൈവർമാരും, ഭക്ഷണപദാർത്ഥങ്ങളിൽ മായം ചേർക്കുന്നവരും, സ്വാർത്ഥതയും സുഖലോലുപതയുമുണർത്തുന്ന മാധ്യമങ്ങളും എല്ലാം ഇവിടെ ഇന്ന് മരണ സംസ്ക്കാരം വളർത്തുന്നുവെന്ന് ആർച്ച് ബിഷപ് പറഞ്ഞു. ക്രിസ്തുവിനെ പിൻചെന്ന് ക്രിസ്ത്യാനികൾ സേവനത്തിന്റെ മാതൃകകളാകണം. *പ്രോ-ലൈഫ്* പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുകയാണ് മനുഷ്യ വംശത്തെ രക്ഷിക്കാനുള്ള മാർഗ്ഗം. എല്ലാവരും അതിൽ ഒന്നിച്ച് പ്രവർത്തിക്കട്ടെ- അച്ചാരുപറമ്പിൽ പിതാവ് നിർദ്ദേശിച്ചു. സമ്മേളനത്തിൽ ഫാ. വർഗ്ഗീസ് പുളിക്കൽ, എബ്രാഹം മാത്യു പള്ളിവാതുക്കൽ എന്നിവർ പ്രസംഗിച്ചു. തുടർന്ന് തൊടുപുഴ ജീവൻ രക്ഷാ സോഷ്യൽ ചാരിറ്റബിൾ സൊസൈറ്റിയുടെ നേതൃത്വത്തിൽ **'ജീവൻ മഹോത്സവ്'** എന്ന പേരിൽ സാമൂഹ്യ തിന്മകൾക്കെതിരെയുള്ള കലാപരിപാടികൾ അവതരിപ്പിച്ചു. കേരള സഭയിൽ *പ്രോ-ലൈഫ്* പ്രവർത്തനങ്ങൾക്ക് പുത്തൻ ഉണർവ്വ് നൽകാൻ ജീവോത്സവ്-2008 സഹായിച്ചു.